**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2471** **02-08-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം അനുബന്ധ മേഖലയിലെ ജീവനക്കാർക്ക് വായ്പ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ടൂറിസം അനുബന്ധ മേഖലയിലെ ജീവനക്കാർക്ക് വായ്പ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) | കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയിൽ ഉണ്ടായിരിക്കുന്ന വരുമാന നഷ്ടത്തിന് ആശ്വാസമേകുന്നതിനായി സംസ്ഥാനത്ത് ടൂറിസം അനുബന്ധ മേഖലയിലെ ജീവനക്കാർക്കായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള വായ്പാ പദ്ധതികളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം എന്നിവ. ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ/ റിസോർട്ടുകൾ/ടൂർ ട്രാൻസ്പോർട്ട് ഓപ്പറേറ്റർമാർ തുടങ്ങിയ വിവിധ യൂണിറ്റുകൾക്ക് 25 ലക്ഷം രൂപ വരെ വർക്കിംഗ് ക്യാപിറ്റൽ ലോൺ ആയി അനുവദിക്കുന്നതാണ് ഈ പദ്ധതി. 34 ബാങ്കുകൾ ഉൾപ്പെടുന്ന സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി വഴിയാണ് പദ്ധതി ഏകോപിപ്പിച്ച നടപ്പാക്കുന്നത്. ലോൺ എടുക്കുന്ന യൂണിറ്റുകൾ 42 മാസം കൊണ്ടാണ് പലിശ ഉൾപ്പെടെയുള്ള തുക തിരികെ ബാങ്കുകൾക്ക്നൽകേണ്ടത്. ഇതിൽ ആദ്യ ആറു മാസം റീപേയ്മെന്റ് ഹോളിഡേ ആണ്. തുടർന്നുള്ള ഒരു വർഷം ആകെ പലിശയുടെ പകുതി (ഏറ്റവും കൂടുതൽ 4.5 ശതമാനം) 'interest subvention' ആയി ബാങ്ക് വഴി യൂണിറ്റുകൾക്ക് നൽകുന്നതാണ്. ഈ പദ്ധതി പ്രകാരം 100 യൂണിറ്റുകൾക്ക് നിലവിൽ ലോൺ അനുവദിച്ചിട്ടുണ്ട്. ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ലോൺ അനുവദിക്കുന്നതിനായുള്ള "ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീമിൽ" അപേക്ഷിക്കേണ്ടത് വ്യക്തികൾ ജോലി ചെയ്ത് വരുന്ന യൂണിറ്റുകൾ വഴിയാണ്. യൂണിറ്റുകൾ സമർപ്പിക്കുന്ന ജീവനക്കാരുടെ വിശദാംശത്തിന്റെ അടിസ്ഥാനത്തിൽ കേരള ബാങ്ക് |

| | | | |
|---|---|---|---|
| | | | വഴിയാണ് 30,000/- രൂപ വരെയുള്ള ലോൺ അനുവദിക്കുന്നത്. സ്വർണം ഈടായി സ്വീകരിച്ചു കൊണ്ടാണ് കേരള ബാങ്ക് ലോൺ അനുവദിക്കുന്നത്. ലോൺ എടുക്കുന്ന ജീവനക്കാർ 18 മാസം കൊണ്ടാണ് പലിശ ഉൾപ്പെടെയുള്ള തുക തിരികെ ബാങ്കുകൾക്ക്നൽകേണ്ടത്. ഇതിൽ ആദ്യ നാലു മാസം റീപേയ്മെന്റ് ഹോളിഡേ ആണ്. ആകെ പലിശയായ 9 ശതമാനത്തിൽ 6 ശതമാനം ടൂറിസം വകുപ്പ് കേരള ബാങ്കിന് നൽകുന്നതാണ്. ഈ പദ്ധതി പ്രകാരം 53 പേർക്ക് ലോൺ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ടൂറിസം ഗൈഡുമാർക്ക് കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി എന്തെങ്കിലും ധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | ടൂറിസം ഗൈഡുമാർക്കും കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി സർക്കാർ ധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത ടൂറിസം ഗൈഡുമാർക്ക് 10,000 രൂപ ഒറ്റത്തവണ ധനസഹായം നൽകി വരുന്നു. ഈ പദ്ധതി പ്രകാരം 268 അംഗീകൃത ഗൈഡുമാർക്ക് ധന സഹായം നൽകുന്നതിനുള്ള ഉത്തരവ് നൽകിയിരുന്നു. |
| (സി) | ടൂറിസം മേഖലയിലെ ചെറുകിട നിക്ഷേപകർ കടുത്ത പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ ; | (സി) | ടൂറിസം മേഖലയിലെ ചെറുകിട നിക്ഷേപകർ കടുത്ത പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർ ഉൾപ്പെടെയുള്ള മുഴുവൻ ടൂറിസം നിക്ഷേപകരേയും മുന്നിൽകണ്ട് സർക്കാർ ആനുകൂല്യങ്ങൾ നൽകി വരുന്നു. ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം എന്നിവ നിക്ഷേപകർക്കു വേണ്ടിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിൻ പ്രകാരം വളരെ കുറഞ്ഞ പലിശക്ക് എല്ലാ നിക്ഷേപകർക്കും സാമ്പത്തിക ആശ്വാസം ലഭിക്കുമെന്ന് കരുതുന്നു. |
| (ഡി) | സംരംഭകർക്കായി സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കെ.എഫ്.സി. വായ്പ ടൂറിസം അനുബന്ധ മേഖലയിലെ സംരംഭകർക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | സംരംഭകർക്കായി സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കെ.എഫ്.സി. വായ്പ ടൂറിസം അനുബന്ധ മേഖലയിലെ സംരംഭകർക്ക് നിലവിൽ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ